ശ്രീ. ഈ. പി. ഗോപാലൻ : വാക്കിൻ കത്തിവച്ചശേഷം ചെറുപ്പളശേരി യിലുള്ള ഒരാളിന്റെ കുട്ടി അന്ധനായിത്തീർന്നു എന്നും അയാൾ പാവപ്പെട്ട ഒരാളാണെന്നുള്ള നിലയിൽ ചികിത്സയ്ക്കു എന്തെങ്കിലും സഹായം കിട്ടണമെന്നും നിവേദനം നടത്തിയിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെയൊരു പരാതി ഗവണ്മെന്റിനു കിട്ടിയിട്ടുണ്ട്. അതിനാവശ്യമായ എല്ലാ ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുത്തു. ഒരു പ്രയോജനവും കണ്ടില്ല. ആ കുട്ടിയുടെ സൗകര്യത്തിനു് ചില ആനുകൂല്യങ്ങളും അനുവദിച്ചു കൊടുത്തിട്ടുണ്ട്. അതു് എന്തെല്ലാമാണെന്നു് പ്രത്യേകം ചോദിച്ചാലെ പറയുവാനൊക്കുകയുള്ളൂ.

എൻ. ജി. ഓ. മാർക്കു് വൈദ്യസഹായത്തിനു ചെലവാക്കിയ തുക

* 910. [24] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-ൽ എത്ര എൻ. ജി. ഓ. മാർക്കു് വൈദ്യസഹായത്തിനു വേണ്ടി ഗവണ്മെന്റു് എത്ര സംഖ്യ ചെലവാക്കി ;

(ബി) ഓരോ ജില്ലയിലും എത്ര ;

(സി) ഗവണ്മെന്റു പ്രാഥമിക സ്കൂളിലേയും, ഹൈസ്കൂളിലേയും അദ്ധ്യാപകർക്കു് ഈ സഹായം നൽകിവരുന്നുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ടു്.

ഡിപ്പാർട്ടുമെന്റു ടെസ്റ്റുകളും പാസ്സാകുന്നതിൽനിന്നും ഒഴിവാക്കപ്പെട്ടവർ

* 911. [25] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഉള്ള ഉദ്യോഗസ്ഥന്മാർക്കു് 25 വർഷത്തെ സർവീസും 45 വയസ്സും തികഞ്ഞിട്ടുണ്ടെങ്കിൽ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റുകളും പാസ്സാകുന്നതിൽനിന്നും പൊതുവായി ഒഴിവാക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൽ ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റുകളും ഉൾപ്പെട്ടുമോ ;

(സി) ഉൾപ്പെട്ടുന്നില്ലെങ്കിൽ അതിനു പ്രത്യേക കാരണങ്ങളും വല്ലതുമുണ്ടോ ;

(ഡി) ഈ ടെസ്റ്റു്, എക്സംപ്ഷനിൽ ഉൾപ്പെട്ടുന്നില്ലെങ്കിൽ റവന്യൂ ഡിപ്പാർട്ടുമെന്റൽ ഉദ്യോഗസ്ഥന്മാരെ ഈ ടെസ്റ്റിൽനിന്നുകൂടി മേൽപ്പറഞ്ഞ പൊതു ഒഴിവിന്റെ പരിധിയിൽ പെടുത്തുന്നതിനു് വേണ്ട സത്വരനടപടികൾ സ്വീകരിക്കുമോ ;

(ഇ) ഈ ടെസ്റ്റിൽനിന്നു ഇവരെ ഒഴിവാക്കാൻ നിവൃത്തിയില്ലെങ്കിൽ 16-3-1964 ൽ എക്സംപ്ഷൻ പീരിയഡു് അവസാനിക്കുന്നവർക്കു് പരീക്ഷ എഴുതുന്നതിനു് ഒരു ടേം കൂടി നീട്ടിക്കൊടുക്കാൻ ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ) 50 വയസ്സും 25 വർഷത്തെ സർവ്വീസും ഉള്ളവരെ മാത്രമേ ഈ ഈ ടെസ്റ്റിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളൂ. ഈ എക്സംപ്ഷൻ 15-6-63-ന ശേഷം മേൽപറഞ്ഞ നിബന്ധനയിൽ വരുന്നവർക്ക് കിട്ടുന്നതല്ല. ഈ ഉത്തരവ് എല്ലാ ഡിപ്പാർട്ടുമെൻറിലും ബാധകമാണ്.

(ബി, സി, ഡി) ഇതു ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(ഈ) 16-3-64-ന ശേഷം എക്സ്റ്റെൻഷൻ അനുവദിക്കുന്നതല്ലെന്ന വ്യക്തമായി ജി. ഓ. എം. എസ്. 846 ഡേറ്റഡ് 28-10-63-ൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: സർവ്വെ ഡിപ്പാർട്ടുമെൻറിൽനിന്ന് റിട്ടയർ ചെയ്തിട്ടുള്ള ആളിനോടു ടെസ്റ്റു പാസാകണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

ശ്രീ. ടി. എ. തൊമ്മൻ : പ്രത്യേകം ഒരു ചോദ്യം ചോദിച്ചാലെ ഉത്തരം പറയാൻ നിവൃത്തിയുള്ളൂ.

SHORT NOTICE QUESTION AND ANSWER

Death of a Nurse by Accident

* 912 A. (1) **Shri Hamid Ali Shemnad** : Will the Minister for Public Health be pleased to state :

(a) whether it is a fact that a Nurse at Kasaragod Government Hospital was burnt by accident and died when she was on duty ;

(b) what led to this incident ; and

(c) whether Government have taken any steps to give any gratuity or other relief to the members of her family who are depending upon her ?

Minister for Public Health (**Shri M. P. Govindan Nair**) :

(a) Yes. It is reported that Smt. K. V. Lekshmikkutty, Provisional Auxiliary Nurse–Midwife of Government Hospital, Kasaragod met with an accidental death at 2.45 a. m. on 12-3-1964, while she was on duty.

(b) The reason is reported as 'accidental burn' from a stove.

(c) This is being considered.

Shri Hamid Ali Shemnad : Will the Government take serious steps to give some lump-sum amount to the family of the deceased, as she belonged to a very poor family which was entirely dependent on her ?

Shri M. P. Govindan Nair : She was trained in the Department as an Auxiliary Nurse-Midwife and was declared passed in August 1962. She joined duty only on 8-1-1963, as a provisional hand and hence had to her credit only one year and 64 days service. So she is eligible for only a gratuity equal to one month's pay. I cannot definitely state what exactly could be done in the matter. Government will do everything that is legally possible.

LIBRARY ARCHIVES Kerala Legislative Assembly